സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

2022-23 ലെ വാർഷിക കണക്ക് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 2573/24/Est-I** നന്തൻകോട്, 23/01/2025

---

പരാമർശം :- (1) 09-12-2014 ലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്ത 08-10-2014 ലെ ROC 2573/03/Est-1 നമ്പർ ചട്ടങ്ങൾ.

(2) DBAR ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച 16-01-2024 ലെ ഉത്തരവ്.

(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 12-07-2024 ലെ DA 563/22/B-1 നമ്പർ സർക്കുലർ.

(4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 20-01-2025 ലെ DA 563/22/B-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഓരോ വർഷത്തെയും കണക്ക്, തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മാസം 30 -ാം തീയതിയോ അതിനുമുൻപോ പൂർത്തിയാക്കണമെന്ന് പരാമർശം (1) ചട്ടങ്ങളിൽ (Devaswom Fund Accounts Rules on Double Entry System of Accounting-2012) വ്യവസ്ഥ ചെയ്തിട്ടുള്ളതാണെന്നും അതനുസരിച്ച് 2022-23 ലെ കണക്ക് 2023 സെപ്റ്റംബർ മാസം 30 -ാം തീയതിക്ക് മുൻപായി പൂർത്തിയാക്കി ആഡിറ്റിന് നൽകേണ്ടിയിരുന്നതാണെന്നും ചില ആഫീസുകളിൽ നിന്നും വാർഷിക കണക്ക് സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാലാണ് വാർഷിക കണക്ക് ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ള സമയപരിധി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതെന്നും ഇത്തരത്തിൽ വാർഷിക കണക്ക് പൂർത്തീകരിച്ച് യഥാസമയം ആഡിറ്റിന് നൽകാതിരുന്ന കാരണത്താൽ ബഹുമാനപ്പെട്ട ഹൈക്കോടതി തിരുവിതാംകൂർ ദേവസ്വം ബോർഡിന് പിഴ ചുമത്തിയ അനുഭവവും മുൻ കാലങ്ങളിൽ ഉണ്ടായിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു എന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ ഗൗരവപൂർവ്വം വീക്ഷിച്ചുവരുന്ന സംഗതിയായതിനാൽ, വാർഷിക കണക്ക് കാലികമാക്കുന്നതിനുള്ള ആത്മാർത്ഥമായ പ്രവർത്തനം നടത്തിവരുന്നുണ്ടെന്നും അതിന്റെ ഭാഗമായി, 2022-23 ലെ വാർഷിക കണക്ക് 31-07-2024 ന് മുൻപായി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ബോർഡിന് കീഴിലുള്ള എല്ലാ ഓഫീസ് / സ്ഥാപന മേധാവികൾക്കും 12.07.2024ൽ സർക്കുലർ നൽകിയിരുന്നുവെന്നും പ്രസ്തുത സമയപരിധി കഴിഞ്ഞും കണക്ക്

സമർപ്പിക്കാതിരുന്ന ഓഫീസ് / സ്ഥാപന മേധാവികൾക്ക് 19.09.2024, 11.11.2024 എന്നീ തീയതികളിലും കത്തുകൾ നൽകിയിരുന്നുവെന്നും എന്നാൽ, നിർഭാഗ്യമെന്ന് പറയട്ടെ, കത്തുകൾ മുഖേനയും, ഫോൺ മുഖാന്തിരവും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും വാർഷിക കണക്ക് സമർപ്പിക്കുന്നതിന് സൂചന (3) ൽ നിർദ്ദേശിച്ചിരുന്ന സമയപരിധി കഴിഞ്ഞ് അഞ്ചര മാസത്തിന് ശേഷവും ചില ആഫീസുകൾ തികച്ചും നിസംഗ മനോഭാവമാണ് ഇക്കാര്യത്തിൽ പുലർത്തിവരുന്നത് എന്ന വിവരം ഖേദപൂർവ്വം അറിയിച്ചുകൊള്ളുന്നുവെന്നും വിവരിച്ചുകൊണ്ടുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം (4) റിപ്പോർട്ട് ലഭിച്ചു.

വാർഷിക കണക്ക് സമർപ്പിക്കാത്ത ആഫീസുകളുടേയും സ്ഥാപനങ്ങളുടെയും സമർപ്പിച്ച വാർഷിക കണക്കിലെ അപാകതകൾ ചൂണ്ടിക്കാട്ടിയും അവ എപ്രകാരം പരിഹരിക്കണമെന്ന് കൃത്യമായ നിർദ്ദേശം നൽകിയിട്ടും അപാകതകൾ പരിഹരിച്ച് പിശക് രഹിതമായി വാർഷിക കണക്ക് പുനർസമർപ്പിക്കാത്ത ആഫീസുകളുടേയും സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ ടി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

<u>വാർഷിക കണക്ക് സമർപ്പിക്കാത്ത ആഫീസ്/സ്ഥാപനങ്ങൾ</u>

1. എക്സിക്യൂട്ടീവ് ഓഫീസ്, ശബരിമല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, പത്തനംതിട്ട
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, നെയ്യാറ്റിൻകര
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, ആറന്മുള
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, മുണ്ടക്കയം
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, പറവൂർ (തിരുവോണം ആഡിറ്റോറിയം)
7. ദേവസ്വം ബോർഡ് കോളേജ്, നേരിയമംഗലം
8. ദേവസ്വം ബോർഡ് സി.ബി.എസ്.ഇ സ്കൂൾ, കടയ്ക്കൽ

<u>അപാകതകൾ പരിഹരിച്ച് വാർഷിക കണക്ക് പുനർസമർപ്പിക്കാത്ത ഓഫീസ്/ സ്ഥാപനങ്ങൾ</u>

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, മാവേലിക്കര
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, ഇലക്ട്രിക്കൽ ഡിവിഷൻ ചെങ്ങന്നൂർ
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, തിരുവനന്തപുരം
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, വർക്കല
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, കൊല്ലം
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, കൊട്ടാരക്കര
7. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, കോട്ടയം
8. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, തൃക്കാരിയൂർ
9. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, വൈക്കം
10. ദേവസ്വം ബോർഡ് കോളേജ്, ശാസ്താംകോട്ട
11. ദേവസ്വം ബോർഡ് കോളേജ്, തലയോലപറമ്പ്

12. ദേവസ്വം ബോർഡ് കോളേജ്, കീഴൂർ
13. ദേവസ്വം ബോർഡ് സി.ബി.എസ്.ഇ സ്കൂൾ, ചക്കുവള്ളി
14. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (അസിസ്റ്റന്റ് എഞ്ചിനീയർ തിരുവനന്തപുരം) സുമംഗലി കല്യാണ മണ്ഡപം

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ബോർഡ് വിശദമായി പരിശോധിച്ചശേഷം ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- 2022-23 ലെ കണക്ക് പിശക് രഹിതമായി തയ്യാറാക്കി 2025 ഫെബ്രുവരി മാസം 5-ാം തീയതിക്കുള്ളിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസർ മുൻപാകെ മേൽപ്രതിപാദിച്ച ആഫീസ്/സ്ഥാപന മേധാവികൾ സമർപ്പിക്കേണ്ടതാണ്.
- 2025 ഫെബ്രുവരി മാസം 5-ാം തീയതിക്ക് മുൻപായി കണക്ക് സമർപ്പിക്കാത്ത ആഫീസുകളുടെ/സ്ഥാപനങ്ങളുടെ പേര് വിവരം 05-02-2025 നുശേഷം വരുന്ന ബോർഡ് യോഗത്തിൽ പരിഗണിക്കാവുന്നവിധം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പത്തനംതിട്ട/മാവേലിക്കര/ഇലക്ട്രിക്കൽ ഡിവിഷൻ ചെങ്ങന്നൂർ
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നെയ്യാറ്റിൻകര/തിരുവനന്തപുരം/ വടക്കൻ പറവൂർ/വർക്കല/ കൊല്ലം/കൊട്ടാരക്കര/മുണ്ടക്കയം/ കോട്ടയം/ആറന്മുള/തൃക്കാരിയൂർ/വൈക്കം
7. പ്രിൻസിപ്പാൾ, ദേവസ്വം ബോർഡ് കോളേജ്, നേര്യമംഗലം/ ശാസ്താംകോട്ട/തലയോലപ്പറമ്പ്/കീഴൂർ
8. പ്രിൻസിപ്പാൾ, സി.ബി.എസ്.ഇ. സ്കൂൾ കടയ്ക്കൽ/ചക്കുവള്ളി
9. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവനന്തപുരം), സുമംഗലി കല്ല്യാണ മണ്ഡപം
10. ~~സെക്ഷൻ ഫയൽ~~ ഐറ്റി ഡിവിഷന
11. ഫയൽ ബുക്ക്
12. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK